വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: സർ,

(എ) & (ബി) കെ. ടി. ഡി. സി. യുടെ വഴിയോര വിശ്രമ കേന്ദ്രങ്ങളായ മോട്ടലുകൾ ഒന്നും തന്നെ പൂട്ടിക്കിടക്കുന്നില്ല. പക്ഷേ ടൂറിസം വകുപ്പിൽ നിന്നും കെ. ടി. ഡി. സി.-ക്കു നൽകിയ വാളറ, തലപ്പാടി എന്നീ സ്ഥലങ്ങളിലെ രണ്ടു വഴിയോര വിശ്രമ കേന്ദ്രങ്ങൾ ടൂറിസം വകുപ്പിന് തിരിച്ച് നൽകിയിട്ടുണ്ട്. ഇവ സ്വകാര്യ സംരംഭകർക്ക് പാട്ടത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കേരള സംസ്ഥാനത്ത് ഏകദേശം 3.5 ലക്ഷം വിദേശ ടൂറിസ്റ്റുകളും, 60 ലക്ഷം തദ്ദേശ ടൂറിസ്റ്റുകളും പ്രതിവർഷം സന്ദർശനം നടത്തി വരുന്നു. കൂടാതെ ടൂറിസ്റ്റുകളുടെ എണ്ണം വർഷംതോറും കൂടി വരുന്നതായി കാണുന്നു. സഞ്ചാരികൾക്ക് താമസം, ഭക്ഷണം, മറ്റു പ്രാഥമിക സൗകര്യങ്ങൾ എന്നിവ വാർത്താവിനിമയം ഉൾപ്പെടെയുള്ള ഏറ്റവും ആധുനിക സൗകര്യങ്ങളോടെ ഒരുക്കേണ്ടത് ഒരു അത്യാവശ്യ ഘടകമാണ്. ഇത്രയും വലിയ സഞ്ചാരികളുടെ വൃന്ദത്തിന് സൗകര്യങ്ങൾ ഒരുക്കുവാൻ സർക്കാരിന് പരിമിതികളുണ്ട് എന്ന തിരിച്ചറിവാണ് സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഇക്കാര്യത്തിൽ ഉറപ്പാക്കുവാൻ വകുപ്പിനെ പ്രേരിപ്പിച്ചത്. കൂടാതെ കുറേയേറെ ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്ന പദ്ധതി എന്ന നിലയ്ക്ക് കൂടിയാണ് ഈ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. സഞ്ചാരികൾക്ക് യാത്രയിലുടനീളം സൗകര്യങ്ങൾ ഒരുക്കുന്നതിനും സ്വകാര്യ സംരംഭകരെ ടൂറിസം രംഗത്തേക്ക് ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു സംരംഭമാണ് വഴിയോരം പദ്ധതിയിലൂടെ വിഭാവന ചെയ്തിട്ടുള്ളത്.

വഴിയോരം പദ്ധതി

*3 [59] *ശ്രീ. ടി. കെ. ദേവകുമാർ*:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. മഞ്ഞളാംകുഴി അലി:

„ *രാജു എബ്രഹാം*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വഴിയോരം പദ്ധതി' എന്നപേരിൽ ഒരു ടൂറിസം പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പദ്ധതി പൂർണ്ണമായും നടപ്പിലാക്കുന്നതിന് സർക്കാരിന് എന്തു തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിനകം എന്തു തുക ചെലവായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര; ഇതിന് ഭരണാനുമതി നല്കിയിട്ടുണ്ടോ;

(ഡി) വഴിയോരം പദ്ധതിയിൻകീഴിൽ ഇതിനകം സംസ്ഥാനത്തെ എത്ര സ്വകാര്യ സംരംഭകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഓരോ സ്ഥലത്തും സംരംഭകരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ;

(ഇ) വഴിയോര റസ്റ്റാറന്റുകൾക്ക് ബാറോ, ബിയർ പാർലറോ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം നൽകുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: സർ,

(എ) ഉണ്ട്. വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം I (എ)† ആയി ചേർത്തിട്ടുണ്ട്.

(ബി) വഴിയോരം പദ്ധതി പ്രകാരം ഒരു യൂണിറ്റിന് സർക്കാർ നൽകുന്ന പരമാവധി ധനസഹായം 7 ലക്ഷം രൂപയാണ്. ഈ പദ്ധതിയുടെ സംരംഭകരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സംരംഭകരെ തെരഞ്ഞെടുത്ത് യൂണിറ്റുകൾക്ക് അംഗീകാരം നൽകിയശേഷം മാത്രമേ ഈ പദ്ധതിക്ക് എന്തു തുക ചെലവ് വരുമെന്ന് കണക്കാക്കാൻ പറ്റുകയുള്ളൂ. ഈ പദ്ധതിയുടെ പ്രാഥമിക ചെലവുകൾക്കായി ഇതേവരെ ഏകദേശം 30 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ടൂറിസം വികസനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി നടപ്പുവർഷത്തെ ബഡ്ജറ്റിൽ വച്ചിട്ടുള്ള 30.19 കോടി രൂപയിൽ ഉൾപ്പെടുത്തിയാണ് വഴിയോരം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. 20-1-2005-ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 26/05/പൊ.ഭ.വ. സർക്കാർ ഉത്തരവ് പ്രകാരം ടി പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) 1500 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഏകദേശം 500 പേർ എല്ലാ രേഖകളുമായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മാനദണ്ഡം അനുബന്ധം I (ബി)† ആയി ചേർത്തിട്ടുണ്ട്.

(ഇ) ഇല്ല.

---

†അനുബന്ധം I (എ)

†അനുബന്ധം I (ബി)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതനുസരിച്ച് 7 ലക്ഷം രൂപ സഹായം നൽകും. സഹായമായി നൽകുന്നത് ലോണാണോ അതോ ഗ്രാന്റാണോ? ഈ നടപ്പ് സാമ്പത്തിക വർഷത്തിൽ എത്ര രൂപ ഇതിനായി ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുണ്ട്; ഇപ്പോൾ കിട്ടിയിരിക്കുന്ന അർഹരായിട്ടുള്ള 500-ഓളം അപേക്ഷകർക്ക് ഈ സൗകര്യങ്ങൾ ഈ വർഷം തന്നെ തുടങ്ങുകയും അതിനോട് അനുബന്ധമായി ടൂറിസ്റ്റുകൾക്ക് ബിയർ പാർലറുകൾ കൊടുക്കാനും ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. സി. വേണുഗോപാൽ : ആദ്യം തന്നെ ക്ലിയർ ചെയ്യാം. ബിയർ പാർലറുകൾ ഇതിന്റെ ഭാഗമായി കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല. സബ്സിഡി ഇനത്തിലാണ് ഏഴ് ലക്ഷം രൂപയും കൊടുക്കുന്നത്. വായ്പയായിട്ടല്ല. ഈ വർഷം തന്നെ വഴിയോര വിശ്രമ കേന്ദ്രങ്ങൾ പ്രാഥമികമായി 100 എണ്ണമെങ്കിലും പൂർത്തിയാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. ടി. എം. ജേക്കബ് : ഗവൺമെന്റ് വിഭാവന ചെയ്തിരിക്കുന്ന ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര ലക്ഷം ആളുകൾക്ക് ജോലി കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്? ഇതിന്റെ പ്രാരംഭത്തിൽ ഗവൺമെന്റ് നടത്തിയ പത്രപരസ്യങ്ങളിൽ സൂചിപ്പിച്ചിരുന്നത് ഏകദേശം 5 ലക്ഷം ആളുകൾക്ക് ജോലി സാദ്ധ്യതയുണ്ടെന്നാണ്. അത്രയും ആളുകൾക്ക് ജോലി കൊടുക്കാൻ സാധിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ : അങ്ങനെയൊരു പരസ്യം ഗവൺമെന്റ് കൊടുത്തിട്ടില്ല. 100 പ്രാഥമിക വഴിയോര വിശ്രമ കേന്ദ്രങ്ങൾ തുടങ്ങുമ്പോൾ ഒരു കേന്ദ്രത്തിൽ ചുരുങ്ങിയത് 5 പേർക്കെങ്കിലും ജോലി കൊടുക്കുന്നതിന് മാത്രമേ സബ്സിഡി കൊടുക്കൂ എന്നുള്ള നിബന്ധനയാണ് ഞങ്ങൾ അതിനകത്ത് വയ്ക്കുന്നത്. പരമാവധി ആളുകൾക്ക് ജോലി കൊടുക്കാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. കൃത്യമായിട്ടുള്ള എണ്ണം ഇപ്പോൾ പറയാൻ സാധിക്കില്ല. 5 ലക്ഷമൊന്നും കൊടുക്കാൻ സാധിക്കില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഇങ്ങനെയുള്ള കേന്ദ്രങ്ങൾ തുടങ്ങുമ്പോൾ 500 ആളുകൾക്ക് സബ്സിഡി കൊടുക്കാൻ 35 കോടി രൂപ വേണം. അതിനുള്ള ഫണ്ടില്ല. ഇക്കൊല്ലം 7 കോടി രൂപ കൊടുക്കണം. സംസ്ഥാനത്ത് നന്നായി നടക്കുന്ന പഴയ മോട്ടലുകൾ കെ. ടി. ഡി. സി. യുടെ വകയായിട്ടുണ്ട്. അവിടെ ഡെവലപ്മെന്റിന് വേണ്ടി ഒരു പദ്ധതിയുണ്ടായിരുന്നു. ഈ സഭയിലെ അംഗങ്ങൾക്കെല്ലാം അതറിയാം. നന്നായി നടക്കുന്ന സ്ഥലങ്ങൾ കൂടുതൽ ഡെവലപ് ചെയ്യുകയും കൂടുതൽ ആളുകൾക്ക് ആഹാരം കഴിക്കാനും ഡൈനിംഗ് ഹാളും മറ്റും ഉണ്ടാക്കാനുമുള്ള പദ്ധതി നിലവിലുണ്ടായിരുന്നു. ആ പദ്ധതി ഇതുമൂലം നിന്നുപോകുമോ; ആ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

തുടരുമോ? പഴയ കെ. ടി. ഡി. സി. യുടെ മോട്ടലുകൾ ഭംഗിയാക്കുന്നതിനും വിപുലീകരിക്കുന്നതിനും ഇത്തവണത്തെ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട്?

ശ്രീ. കെ. സി. വേണുഗോപാൽ : ഏതായാലും കെ. ടി. ഡി. സി. യുടെ വഴിയോര വിശ്രമ കേന്ദ്രങ്ങൾ ഭംഗിയായി തന്നെ തുടരും. ആലപ്പുഴ, കായംകുളം, അടക്കമുള്ള കെ. ടി. ഡി. സി. യുടെ വഴിയോര വിശ്രമ കേന്ദ്രങ്ങൾ എക്സ്റ്റൻഡ് ചെയ്തുകഴിഞ്ഞു. ഇത് വിപുലീകരിക്കുന്നതിനുള്ള പദ്ധതി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതിനാവശ്യമായ തുക കെ.ടി.ഡി.സി. വകയിരുത്തിയിട്ടുണ്ട്. ഇത് അത് ഉദ്ദേശിച്ചല്ല. തിരുവനന്തപുരം മുതൽ പാറശാല വരെ യാത്ര ചെയ്യുന്നവർക്ക് അറിയാം, പ്രത്യേകിച്ച് സ്ത്രീകൾക്ക്, യാത്ര ചെയ്യുമ്പോൾ അവരുടെ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കണമെങ്കിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ട് നന്നായി അറിയാം. വിദേശസഞ്ചാരികൾക്ക് നന്നായി അറിയാം. ഇത്തരം ആളുകൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് വഴിയോരങ്ങളിലും ടൂറിസം കേന്ദ്രങ്ങളിലും സ്വകാര്യ സംരംഭകരുടെ സഹായത്തോടുകൂടി പദ്ധതി ആരംഭിക്കുക എന്നതാണ് ഈ പദ്ധതി വിഭാവന ചെയ്തതിന്റെ ലക്ഷ്യം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ മോട്ടലുകൾ തുടരുമെന്ന് പറഞ്ഞു. തുടരുമ്പോൾ 50 കിലോമീറ്ററിന് അടുത്തുള്ള മോട്ടലുകളിൽ ചിലതെങ്കിലും അപ്ഗ്രേഡ് ചെയ്ത് two star, three star ഹോട്ടലുകളുടെ പദവിയിലേക്ക് കൊണ്ടു വരാനുള്ള ഒരു പദ്ധതിയുണ്ടായിരുന്നു. ഇന്ന് ആ പദ്ധതി നിലവിലുണ്ടോ? ഇല്ലെങ്കിൽ മെയിൻ സെൻട്രൽ റോഡിലും നാഷണൽ ഹൈവേയിലും നന്നായി നടക്കുന്നു എന്ന് കരുതപ്പെടുന്ന ഈ മോട്ടലുകൾ അപ്ഗ്രേഡ് ചെയ്ത് ഹോട്ടലുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ : വഴിയോര വിശ്രമകേന്ദ്രങ്ങൾ ഹോട്ടലുകളാക്കി മാറ്റുന്ന പദ്ധതി ഇപ്പോൾ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. ഇതുപോലുള്ള വഴിയോര വിശ്രമ കേന്ദ്രങ്ങൾ കെ.ടി.ഡി.സി.യുടെ ആഭിമുഖ്യത്തിൽ അപ്ഗ്രേഡ് ചെയ്യാനുള്ള നടപടികൾ ആലോചിച്ചു വരുന്നുണ്ട്. ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. ഷിബു ബേബിജോൺ : സർ, ഇവിടെ ടൂറിസ്റ്റുകളുടെ എണ്ണം കൂടുന്നതിനനുസരിച്ച് സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയാണ് ഈ പദ്ധതിയെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അത് സ്വാഗതാർഹമാണ്. ഇന്നയിന്നയിടത്തൊക്കെ ഇത് ആവശ്യമുണ്ടെന്നതിനെക്കുറിച്ച് എന്തെങ്കിലും ഒരു പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിലാണോ കൊടുക്കുന്നത്. അതോ നമുക്ക് ഇഷ്ടമുള്ളവർക്കൊക്കെ, അപ്ലൈ ചെയ്യുന്നവർക്കൊക്കെ കൊടുക്കാനുള്ള സ്ഥിതിയാണോ ഇപ്പോൾ നിലവിലുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ : ഇതിനെക്കുറിച്ച് വ്യക്തമായ ഒരു പഠനം നടത്തുന്നതിനുവേണ്ടി ഐ.സി.ഐ.സി.ഐ. കിൻഫ്രയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ വന്നിരിക്കുന്ന അപേക്ഷകൾ 550 എണ്ണം ഉണ്ട്. ഇതിൽ എവിടെയൊക്കെയാണ് കൊടുക്കേണ്ടത് എവിടെയൊക്കെയാണ് പൊട്ടൻഷ്യാലിറ്റി കൂടുതലുള്ളതെന്നു പരിശോധിച്ച് കൃത്യമായ മാനദണ്ഡങ്ങൾ ഫിക്സ് ചെയ്തിട്ടുണ്ട്. ഇനി കൂടുതലായിട്ടുള്ള മാനദണ്ഡങ്ങൾ ഫിക്സ് ചെയ്യാനും ഐ. സി. ഐ. സി. ഐ. കിൻഫ്രയോട് പറഞ്ഞിട്ടുണ്ട്. എവിടെയൊക്കെയാണ് പൊട്ടൻഷ്യാലിറ്റി കൂടുതലുള്ളത് എവിടെയൊക്കെയാണ് വയബിൾ എന്നു നോക്കിയിട്ട് ആ റിപ്പോർട്ട് തരുന്ന മുറയ്ക്കായിരിക്കും നടപടി സ്വീകരിക്കുക.

ശ്രീ. ഷിബു ബേബിജോൺ : സർ, ആ പഠനത്തിന്റെ അടിസ്ഥാനത്തിലേ ഇത് കൊടുക്കുകയുള്ളുയെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്നു ഞാൻ മനസ്സിലാക്കുന്നത്. പിന്നെ ഇതിൽ അനേകം ആൾക്കാർക്ക് തൊഴിൽ കൊടുക്കുമെന്നു പറഞ്ഞു. പ്രിൻസിപ്പൽ എംപ്ലോയറുടെ റോളെങ്കിലും ഗവൺമെന്റിനുണ്ടാകുമോ, ഗവൺമെന്റിന് ഈ തൊഴിൽ നൽകുന്ന തൊഴിലാളികളുമായിട്ട് എന്ത് ബന്ധമായിരിക്കും, അവരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനു ഗവൺമെന്റിന്റെ ഭാഗത്തുനിന്നു എന്ത് നടപടി കൈക്കൊള്ളും?

ശ്രീ. കെ. സി. വേണുഗോപാൽ : സർ, നിബന്ധനകളുടെ ഭാഗമായിട്ടുതന്നെയാണ് വയ്ക്കുന്നത്. മിനിമം അഞ്ചു പേർക്കെങ്കിലും ജോലി കൊടുത്തിരിക്കണമെന്ന നിബന്ധന ഗവൺമെന്റ് ഇത് കൊടുക്കുന്നതിന്റെ ഭാഗമായിട്ടുതന്നെ വയ്ക്കുകയാണ്. ജോലി സുരക്ഷയുടെ ഭാഗമായി ബന്ധപ്പെട്ട് ഭാവിയിലെ കാര്യങ്ങൾക്ക് ഗവൺമെന്റ് നടപടി സ്വീകരിക്കുമെന്നല്ല ഞാൻ പറഞ്ഞത്. ജോലി കൊടുക്കുന്ന കാര്യത്തിൽ അഞ്ച് പേർക്കെങ്കിലും മിനിമം കൊടുത്തിരിക്കണമെന്നുള്ളതാണ്. ഭാവിയിലുള്ള കാര്യങ്ങൾ നടപടിയുമായി മുന്നോട്ട് പോകുമ്പോൾ നമുക്ക് ആലോചിക്കാവുന്നതേയുള്ളൂ.

ശ്രീ. കെ. പി. മോഹനൻ : സർ, വഴിയോരം പദ്ധതിയുടെ ബ്രാൻഡ് അംബാസിഡറായി സിനിമാനടൻ ജയറാമിനെ വച്ചതായി കണ്ടു. എന്താണ് അതിന്റെ മാനദണ്ഡം? എന്താണ് ബ്രാൻഡ് അംബാസിഡറെന്നു വിശദീകരിക്കാമോ?

ശ്രീ. കെ. സി. വേണുഗോപാൽ : സർ, അദ്ദേഹം മുന്നോട്ട് വന്നു. അദ്ദേഹം ഈ രംഗത്തുള്ള ആളാണ്. അദ്ദേഹത്തിന് ഹൗസ് ബോട്ട് ശൃംഖലയുമായി ബന്ധപ്പെട്ട വ്യവസായ ശൃംഖലയുണ്ട്. ഫ്രീ ഓഫ് കോസ്റ്റിലാണ് അദ്ദേഹം ഇത് ചെയ്തത്. അങ്ങനെ രംഗത്തുവന്നപ്പോൾ, ജയറാം നമ്മളെപ്പോലെ അല്ലല്ലോ? സിനിമാനടനാണല്ലോ? ആ ഒരു പ്രാധാന്യം കൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ : സർ, ഒരു ചോദ്യത്തിനു ഉത്തരമായിട്ട് അങ്ങ് പറഞ്ഞു 7 ലക്ഷം രൂപ സബ്സിഡിയാണ് നൽകുന്നതെന്ന്. പക്ഷേ പരസ്യത്തിൽ കണ്ടത് 7 ലക്ഷം രൂപ വായ്പയാണെന്നാണ്. ഈ സബ്സിഡി നൽകുമ്പോൾ എത്ര മുതൽ മുടക്ക് ഉണ്ടാകണമെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. സി. വേണുഗോപാൽ : സർ, 7 ലക്ഷം രൂപ സബ്സിഡി എന്നു പറയുന്നത് പരമാവധി 25 ശതമാനം സബ്സിഡിയാണ്. ഒരാളുടെ നിക്ഷേപത്തിന്റെ 25 ശതമാനം സബ്സിഡി. അത് പരമാവധി 5 ലക്ഷം രൂപ. ഇതുകൂടാതെ പരിസ്ഥിതി മലിനീകരണം ഒഴിവാക്കത്തക്കവണ്ണമുള്ള ഇക്കോ ഫ്രണ്ട്ലിയായിട്ടുള്ള പ്രോജക്ട് സമർപ്പിച്ചാൽ അതിനും പരമാവധി 25 ശതമാനം കൊടുക്കും up to the maximum of Rs. 2 lakhs. അങ്ങനെ 28 ലക്ഷം രൂപ ചെലവാക്കുന്ന ഒരാൾക്ക് 7 ലക്ഷം രൂപയുടെ സബ്സിഡി കിട്ടും. സബ്സിഡി മാത്രമല്ല ഞങ്ങൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറുമായി സംസാരിച്ചു കഴിഞ്ഞു, അവരുമായി എഗ്രിമെന്റ് വച്ചിട്ടുണ്ട്. 8.5 ശതമാനം പലിശയ്ക്ക് ബാക്കി തുക വായ്പ നൽകാൻ എസ്. ബി. ടി. സമ്മതിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, വഴിയോരം വിശ്രമ കേന്ദ്രങ്ങളിലെ ഭക്ഷണ പദാർത്ഥങ്ങൾക്ക് ഏകീകൃതമായ വില നിശ്ചയിക്കാൻ സർക്കാർ തയ്യാറായില്ലെങ്കിൽ ഇത് അനാരോഗ്യകരമായ മൽസരങ്ങൾക്ക് വഴിവയ്ക്കുകയും ഈ സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്ന സ്ഥിതിയിലേക്ക് എത്തുകയും ചെയ്യും. വിലകുറച്ചു കൊടുക്കുന്നിടത്തേക്ക് ആളുകൾ കയറുക എന്ന സമീപനം ഉണ്ടാകുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുകൊണ്ട് ഭക്ഷണപദാർത്ഥങ്ങൾക്ക് ഐറ്റം നിശ്ചയിക്കുന്നതോടൊപ്പം തന്നെ ഒരു ഏകീകൃത മാർക്കറ്റ് നിശ്ചയിക്കുന്നതിനും കൂടി ഗവൺമെന്റ് മുൻകൈയെടുക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ : സർ, അക്കാര്യം പരിശോധിക്കേണ്ടതാണ്. അത് എങ്ങനെയാണെന്നുള്ളത് ഗവൺമെന്റ് ആലോചിച്ചു വരികയാണ്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഇപ്പോൾ അങ്ങ് ഒരു ചോദ്യത്തിന് നൽകിയ മറുപടിയിൽ റോഡിറമ്പുകളാണ് വഴിയോരങ്ങളായി പറഞ്ഞിട്ടുള്ളത്. ടൂറിസത്തിനുവേണ്ടി ഏറ്റവും നല്ല രീതിയിലാണ് സംസ്ഥാനം ഡെവലപ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് അങ്ങയ്ക്ക് അറിയാവുന്നതാണ്. അതുകൊണ്ടുതന്നെ കായലോരങ്ങളിലെ ബോട്ടു ജെട്ടികൾ കേന്ദ്രീകരിച്ചും ഉൾനാടൻ ജലാശയങ്ങളിലെ ചെറിയ ദ്വീപുകൾ കേന്ദ്രീകരിച്ചും വഴിയോരകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ശ്രമിക്കുന്നതിനും അതോടൊപ്പം ഈ വഴിയോര കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകളിൽ ട്രാവൽ ആന്റ് ടൂറിസം വിദ്യാഭ്യാസയോഗ്യത നേടിയ ചെറുപ്പക്കാർക്ക് മുൻഗണന കൊടുക്കുന്നതിന് ഒരു പരിഗണന ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ : സർ, തീർച്ചയായിട്ടും ഉണ്ടാകും. അങ്ങ് പറഞ്ഞതനുസരിച്ച് നാഷണൽ ഹൈവേയിൽ മാത്രമല്ല ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള വഴിയോരങ്ങളിലും ഇത് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. മാത്രമല്ല മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയതിനകത്ത് ടൂറിസം രംഗത്തുള്ള പ്രാവീണ്യം അത് പാസായ വിദ്യാർത്ഥികളടക്കം അതിനകത്ത് ഉൾക്കൊള്ളും. അതൊരു നിബന്ധനയായിട്ട് വച്ചിട്ടുണ്ട്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, വഴിയോരം പദ്ധതി കേൾക്കുമ്പോൾ സുഖമുള്ള ഒരു പദ്ധതിയാണ്, എല്ലാ ടൂറിസ്റ്റുകളെയും സഹായിക്കത്തക്കവിധത്തിലുള്ള ഒരു പദ്ധതിയായിട്ടാണ് ഇത് കാണുന്നത്. പക്ഷേ ഒട്ടേറെ സംശയങ്ങൾ ഈ വഴിയോരം പദ്ധതിയിൽ ഉണ്ടെന്നുള്ളതായിട്ടാണ് എനിക്ക് തോന്നുന്നത്. കാരണം, നിരവധി പദ്ധതികൾ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി, വിദേശ സഞ്ചാരികളെയടക്കം ആകർഷിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ ഉണ്ടാക്കിയിട്ടുണ്ട്. അത്തരത്തിലുള്ള പ്രോജക്ടുകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുമുമ്പ് വഴിയോരം എന്ന പുതിയ പദ്ധതിയിലേക്ക് ഗവൺമെന്റ് അല്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധപോയത് എന്തുകൊണ്ടാണെന്നാണ് എന്റെ സംശയം. കാരണം ഇതിനുമുമ്പ് മുൻമന്ത്രി ശ്രീ. കെ. വി. തോമസിന്റെ കാലത്ത് ഇവിടെ സഭയിൽത്തന്നെ വിവരിച്ചിട്ടുള്ള നിരവധി പ്രോജക്ടുകൾ വഴിമുട്ടി നിൽക്കുകയാണ്. അപ്പോൾ വിദേശ സഞ്ചാരികളെ ആകർഷിക്കത്തക്കവിധത്തിൽ അവർ വന്നു കഴിഞ്ഞാൽ മാത്രമേ ഈ വഴിയോര വിശ്രമ കേന്ദ്രത്തിനു പ്രസക്തിയുള്ളൂ. ആ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുപകരം പുതിയ പുതിയ പ്രോജക്ടുകൾ ഓരോ മന്ത്രിയും വരുമ്പോൾ കൊണ്ടുവരിക എന്നുള്ളത് അനൗചിത്യമല്ലേ, ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് മുൻഗണന കൊടുക്കുമോ ?

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ബഹുമാനപ്പെട്ട ടീച്ചർ എന്തുകൊണ്ടാണ് ഇത് പറഞ്ഞത് എന്നെനിക്കറിയില്ല. ഈ ഗവൺമെന്റ് വന്നശേഷം ഏറ്റവും വലിയ ഗുണഭോക്താവ് ടീച്ചർ തന്നെയാണ്. അത് ടീച്ചർക്ക് നന്നായിട്ട് അറിയാമല്ലോ, മാത്രമല്ല കഴിഞ്ഞ പദ്ധതികളൊന്നും നിർത്തിവച്ചിട്ടില്ല. എല്ലാ പദ്ധതികളും തുടങ്ങിയിട്ടുണ്ട്. ഓരോ പദ്ധതിയും നിർത്തിവച്ചു എന്നു പറയാൻ കഴിയുകയില്ല. ഈ പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം ഞാൻ പറഞ്ഞു. ഓരോ ദിവസം കഴിയുംതോറും ടൂറിസ്റ്റുകൾ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഇപ്പോൾ പഴയപോലെയല്ല. പണ്ട് ഈ രംഗത്ത് ഏറ്റവും മുമ്പിൽ നിന്ന സംസ്ഥാനമായിരുന്നു നമ്മുടേത്. എന്നാൽ ഇപ്പോൾ മൽസരം നന്നായിട്ട് വരുന്നുണ്ട്. കർണ്ണാടകയായാലും തമിഴ്നാടായാലും ആന്ധ്രയായാലും നമ്മോട് മൽസരിക്കാൻ രംഗത്തു വന്നുകൊണ്ടിരിക്കുകയാണ്. ആ മൽസരങ്ങളെ അതിജീവിക്കണമെങ്കിൽ പുതിയ സംരംഭത്തിലേക്ക് കേരള ടൂറിസം പോകണം. അത് സ്വകാര്യ സംരംഭകരുമായിട്ടുള്ള നമ്മുടെ ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പാർട്ട്ണർഷിപ്പ് ഉറപ്പിക്കുന്നതിനും, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും കൂടിയാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതുകൊണ്ട് പഴയ പദ്ധതികൾക്ക് ഒരു കോട്ടവും തട്ടുന്നതല്ല.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഞാൻ സമ്മതിക്കുകയാണ്. കാരണം ഇതിനുമുമ്പൊന്നുമില്ലാത്ത വിധത്തിൽ, നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ഓർഡറാക്കിയിട്ടുള്ള മണ്ഡലമാണ് പയ്യന്നൂർ മണ്ഡലം. ആ മണ്ഡലത്തിന് കിട്ടിയിട്ടുണ്ടെന്നുള്ളത് ശരിയാണ്.

മി. സ്പീക്കർ : അടുത്ത ചോദ്യം ചോദിക്കുക.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : പക്ഷേ അതല്ല ഇവിടെ പ്രശ്നം. ഈ വഴിയോരം പദ്ധതിയെ സംബന്ധിച്ച് ഒന്നുകൂടെ എനിക്ക് പറയാനുണ്ട്. ഇൻവെസ്റ്റു മെന്റ് സബ്സിഡിയിൽ എത്രത്തോളം തുകയാണ്, ആകെ എത്ര കോടി രൂപയാണ് സ്വകാര്യ സംരംഭകർക്ക് നൽകാൻ ഉദ്ദേശിക്കുന്നത് എന്നുള്ളതാണ് എന്റെ രണ്ടാമത്തെ ചോദ്യം.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ഈ പദ്ധതി സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങളുണ്ട്. പരമാവധി 7 ലക്ഷം രൂപ കൊടുക്കും. അത് മൂന്നു ടൈപ്പാണ്. 'എ' ടൈപ്പ്, 'ബി' ടൈപ്പ്, 'സി' ടൈപ്പ്. ചിലത് രണ്ടര ലക്ഷമേ കൊടുക്കേണ്ടതായിട്ടുള്ളൂ. അവരുടെ നിക്ഷേപത്തിന്റെ അനുപാതം അനുസരിച്ചായിരിക്കും സഹായം കൊടുക്കുന്നത്. ഈ പ്രാവശ്യം ചുരുങ്ങിയത് 100 എണ്ണമെങ്കിലും ആരംഭിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. അതിനുവേണ്ടിയുള്ള തുക ബഡ്ജറ്റിലുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഓരോ മന്ത്രിമാർ മാറുമ്പോഴും പുതിയ പദ്ധതികൾ വരുന്നു, കെ.ടി.ഡി.സി. വഴിയോര വിശ്രമ കേന്ദ്രങ്ങൾ കുറെ പൂട്ടിക്കിടക്കുന്നു. അതേസമയത്ത് പുതിയ വഴിയോര പദ്ധതി വരുന്നു. ഈ വഴിയോര പദ്ധതി വഴിയാധാരമാകാതിരിക്കാൻവേണ്ടി അതിന് വളരെ സ്ട്രിക്ട് ക്വാളിറ്റി കൺട്രോൾ വേണം. അതുപോലെതന്നെ ഒരു റീട്ടെയിൽ ചെയിൻ മാർക്കറ്റിംഗ് വേണം. ഇതിന്റെ ഡെക്കറേഷൻ ഒരുപോലെയായിരിക്കണം. കളർ കോമ്പിനേഷൻ ഒരുപോലെയായിരിക്കണം. ഇതിന് വല്ല പരിപാടിയും ടൂറിസം വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകുമോ? ഏതെല്ലാം ടൈപ്പുകൾ ഉണ്ടായിരിക്കും?

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ക്വാളിറ്റി ഫൈലൈറ്റ് ചെയ്യുന്ന ഒരു പ്രോജക്ടാണിത്. വഴിയോരം ആർക്കിടെക്ചറിൽത്തന്നെ 2005-ലെ ടൂറിസം വിഷന്റെ ഭാഗമായിട്ടാണിത് നടപ്പിലാക്കിയിരിക്കുന്നതെന്ന് പറഞ്ഞിട്ടുണ്ട്. വഴിയോരം പ്രോജക്ടിന്റെ ഭാഗമായിട്ടുള്ള ഇതിനകത്ത് 30 പേർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കാവുന്ന . ഒരു റെസ്റ്റോറന്റ്, കൊടുക്കാവുന്നിടത്ത് ഇന്റർനെറ്റ് ഫെസിലിറ്റി, എസ്.ടി.ഡി., ഐ.എസ്.ഡി. ബൂത്ത് കൊടുക്കാവുന്നിടത്ത് ബൂത്ത്, ടോയ്‌ലെറ്റ് ഫെസിലിറ്റി ഇതൊക്കെ പ്രൊവൈഡ് ചെയ്യുന്ന ഏറ്റവും നല്ല ഹൈജീനിക് കണ്ടീഷനിൽ നടത്തണമെന്നാണ് വിഭാവന ചെയ്യുന്നത്. ഒറ്റ ആർക്കിടെക്ചറിലായിരിക്കും കേരളം മുഴുവൻ ഈ പദ്ധതി നടപ്പിലാക്കുന്നത്.

ശ്രീ. രാജു എബ്രഹാം : സർ, ഈ നിബന്ധനകളിൽ 7 ലക്ഷം രൂപ വാങ്ങുന്ന ആളുകൾ അവർ ഈ സ്ഥലം പ്ലെഡ്ജ് ചെയ്യണമെന്നു പറഞ്ഞിട്ടില്ല. അപ്പോൾ 7 ലക്ഷം രൂപ വാങ്ങി ഒരാൾ മുങ്ങിയാൽ ഈ പണം ഈടാക്കാനുള്ള എന്തെങ്കിലും നിബന്ധനകൾ ഉൾപ്പെടുത്തുമോ?

ശ്രീ. കെ. സി. വേണുഗോപാൽ : സർ, അങ്ങനെ മുങ്ങാൻ കഴിയുകയില്ല. ഇത് കംപ്ലീറ്റ് ചെയ്ത സർട്ടിഫിക്കറ്റ് കൊടുത്താൽ മാത്രമേ സബ്സിഡി എമൗണ്ട് ഗവൺമെന്റ് കൊടുക്കുകയുള്ളൂ.

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം —I (എ)

[7-7-2005-ലെ നക്ഷത്ര ചിഹ്നമിട്ട* 3 (59)-ാം നമ്പർ ചോദ്യം ദയവായി കാണുക]

GOVERNMENT OF KERALA

Abstract

DEPARTMENT OF TOURISM—NEW PROJECT 'VAZHIYORAM', THE WAYSIDE FACILITY, APPROVED—ORDERS ISSUED

GENERAL ADMINISTRATION (TOURISM-A) DEPARTMENT

G. O. (Ms.) No. 26/05/GAD. *Dated, Thiruvananthapuram, 20th January, 2005.*

Read:— Letter No. C7-5190/04 dated 30-3-2004 of Director, Department of Tourism.

ORDER

Tourism has emerged as one of the few economic alternatives to develop the state economy and is identified as an important sector on account of its potential for generating income and employment. Kerala is now positioned as the No. one Tourist destination in the country. Kerala recorded an all time high of over 26% growth in foreign arrivals during the year 2003. The foreign exchange earning in the state from Tourism was ₹1000 Crores during the year 2003 and the total earning during the year has been worked out as about ₹ 5000 Crores. The investment in Tourism is estimated to be about ₹ 500 Crores per year. The Tourism potentials of Kerala are yet to be tapped fully and Kerala can improve its share in sustained employment creation in state economy to a large extent.

It is in this context that the Department of Tourism has structured a new project 'Vazhiyoram', an innovative intervention strategy to create more employment opportunity in Tourism sector in the state through development of quality wayside facitities through out the state with private sector participation, with the intention to provide the following benefits to tourists.

LIBRARY ARCHIVES Kerala Legislative Assembly

(a) Easy access for quality food, toilet facilities and souvenirs and information.

(b) Efficient and quality services

(c) Information symmetry

(d) Large scale employment

(e) Investment from small scale entrepreneurs in tourism.

Salient features of Vazhiyoram.

1. Vazhiyoram units will have typical designs and will be branded. Department also facilitate the entrepreneurs in getting the finance from the financial institutions. The construction is to be done by the entrepreneur. Approval for function the unit will be given by a committee after inspection. All the units will have the same signage designed by Department of Tourism.

The government will provide training to the entrepreneurs and the staff appointed by the entrepreneurs. Government will also facilitate in promotion through branding the product and ensure quality of services.

Promotion of souvenir industry will be one of the major objectives of the scheme.

All the Vazhiyoram units will be connected through internet. In the second phase and on-line tourist information service will be provided connecting them to the tourism call center set up at Thiruvananthapuram.

2. Location of Vazhiyoram Units

"Vazhiyoram", wayside facility with minimum standardized facilities is proposed to be set up along all the major roads/waterways on the State through private sector initiatives. Vazhiyoram will be located in such a way that there will be at least one facility within 10-20 kms in every National Highways, major State Highways/waterways and road leading to tourist destinations. The project will be implemented in phases after prioritizing the roads/waterways with respect to its importance.

3. Type of units and proposed facilities in each type

Vazhiyoram units will be in three hierarchies based on the facilities. The Class I Vazhiyoram will have I Restaurant of minimum 30 pax and 600

LIBRARY ARCHIVES Kerala Legislative Assembly

sq/ft. area each, souvenir shop, Public telephone/internet, 4 toilets, 2 bathrooms, urinals for gents and ladies and parking area of atleast 8 cars. Detailed facility requirements are given in the Annexure.

The Class II Vazhiyoram will have one Restaurant of minimum 30 pax and 600 sq. ft. area, Souvenir shop, 2 toilets, urinals for gents and ladies and parking area of atleast 4 cars, Detailed facility requirements are given in the Annexure.

The Class III Vazhiyoram will have Coffee shop of minimum 300 sq/ft. area, Souvenir shop, 2 toilets, and parking area of atleast 2 cars, Detailed facility requirements are given in the Annexure.

4. Incentives offered by Government.

The approved units will be provided with 25% of the cost of construction as incentive subject to a maximum of ₹ 5 lakh. An additional incentive will be given in adopting pollution control facilities and equipments such as solid/liquid waste management equipments for recycling of waste water and bio-gas production, captive power generation (Generators), water harvesting etc. at 25% subject to a separate ceiling of ₹ 2 lakhs. This incentive will be deposited with the financial institutions sanctioning the loans after satisfactory completion of the unit and approval by a Committee constituted by the Government for the purpose. The financial institutions will sanction the loans on the selected entrepreneurs without collaterals and seed money based on the assurance of the Government on the subsidy released through them.

5. Eligibility for participating in the Scheme

Individuals/agencies who own minimum 10 cents of land in the case of Class III and 20 cents of land in the case of Class I and II units abutting the identified road are eligible for applying to the scheme. The owners of petrol pumps will be given priorty to establish the units along with the petrol pumps. Professional qualification and/or experience in the field of hospitality industry will be added advantage. Applicants in the age group of 20-45 years will be preferred.

6. Procedure for Selection

Selection of the entrepreneurs who apply for participating in the scheme will be done by a committee appointed by Government for the purpose, based on the following criteria;

LIBRARY ARCHIVES Kerala Legislative Assembly

- Location of the proposed unit
- Availability of freehold land
- Professional qualification and experience in the field of Hospitality industry
- Entrepreneurial ability of the applicant
- Capacity for investments.

7. Role of Government

The role of Department of Tourism in the implementation of the scheme will be the following.

(i) prepare typical designs of the 3 classes of Vazhiyoram through professional architects

(ii) Selection of entrepreneurs

(iii) Facilitate collateral-free loans

(iv) Provide 25% of the cost of construction as incentive subject to a maximum of ₹ 5 lakhs to the approved projects. An additional incentive will be given in adopting pollution control facilities and equipments such as solid/liquid waste management equipments for recycling of waste water and Bio-gas production, captive power generator (generators); water harvesting etc. at 25% subject to a separate ceilling of ₹ 2 Lakhs. This incentive will be deposited with the financial institutions sanctioning the loans.

(v) The benefit of volume purchase will be facilitated wherever possible.

(vi) Approval to function the unit will be given by a committee after inspection.

It is targeted to start as far as possible 500 units in the next 3 years

The scheme is not applicable to the existing wayside facilities/ restaurants etc.

The Department of Tourism will have a Committee under the Director, Department of Tourism to finalise and implement detailed guidelines including allowable distance from existing Kerala Tourism Development Corporation establishments etc.

LIBRARY ARCHIVES Kerala Legislative Assembly

Government have examined the proposal submitted by the Director, Department of Tourism in detail and are pleased to accourd in principle approval to the scheme 'Vazhiyoram' as detailed above. No expenditure will be incurred until formal order are issued.

By Order of the Governor,

E. K. BHARATH BHUSHAN

Principal Secretary to Government.

LIBRARY ARCHIVES Kerala Legislative Assembly

Annexure—I

Checklist of Facilities

Facilities	*Class I*	*Class II*	*Class III*
(1)	*(2)*	*(3)*	*(4)*
General Facilities			
Design	Typical designs prepared by Department of Tourism	Typical designs prepared by Department of Tourisom	Typical designs prepared by Department of Tourisom
No. of Toilets and Bath rooms	4 toilets 2 bath rooms	2 toilets	2 toilets
Urinals	Urinals for gents and ladies	Urinals for gents and ladies	—
Restaurant	1 Restaurant of minimum 30 pax and 600 Sq.ft area	1 Restaurant of minimum 30 pax and 600 Sq. ft. area	Coffee shop of minimum 300 sq. ft. area
Parking	Parking area of atleast 8 cars	Parking area of atleast 4 cars	Parking area of atleast 2 cars
Souvenir Shop	N*	N	N
Public Telephone	N	N	N

*Necessary

GPM. 2/360/2012.—37

(1)	(2)	(3)	(4)
Intement	N	D**	—
Establishment to have all necessary trading licence	N	N	N
Restaurants, public areas and kitchens fully serviced daily	N	N	N
Toilets			
Cleaning of the area in every	2 hrs.	2 hrs.	2hrs.
A washbasin with running water, a mirror, a sanitary bin with lidseparate for gents and ladies with hand towels	N	N	D
Minimum size of W.C. in sq.ft.	15	12	12
One W. C. brush per toilet seat	N	N	N
Gust toiletries including liquid soap to be provided	N	N	N
Floors and walls to have nonporous surfaces	N	N	N
Energy saving lighting	N	N	N
A Notice showing staff should wash their hands every time they visit bathroom (in Malayalam & English	N	N	N
Restaurant/Coffee shop			
Minimum2-meal operation, 7 days a week in season	N	D	N
Crockery & glassware of high quality	N	N	N

*Desirable

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
Cutlery to be atleast stainless steel	N	N	N
Non-plastic furniture	N	N	N
Kitchen			
Refrigerator with deep freeze	N	D	—
Segregated storage of meat, fish and vegetable	N	D	—
Tiled walls, non-slip floors	N	D	—
Head covering for production staff	N	D	D
Daily germicidal cleaning of floors	N	D	D
Clean utensils	N	N	N
Six monthly medical checks for production staff	N	D	D
Ventilation system	N	N	D
First-aid training for all kitchen staff	N	D	—
Garbage to be segregated-wet and dry	N	N	N
Reception facility	D	D	—
News papers available	N	D	—
Staff Quality			
Trained from government recognized catering/hotel institutes	20%with minimum 2 persons	10% with minimum 1 person	—
Staff Uniforms	N	N	D
Hand gloves and cap for kitchen staff	N	N	D

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
Front office staff English speaking	N	D	D
Staff Welfare/Facilities	N	D	D
Staff rest rooms	N	D	—
Dining area	N	D	—
General			
Waste management	N	N	N
Water harvesting and conservation	N	N	D
Energy saving lights	N	N	N
Pollution Control Measures	N	D	D

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം —I (ബി)

[7-7-2005-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *3 (59) ദയവായി കാണുക]

മാനദണ്ഡം

ഓരോ സ്ഥലത്തും സംരംഭകരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം താഴെ ചേർക്കുന്നു.

വ്യവസായപദ്ധതിയിൽ മൂന്ന് തരത്തിലുള്ള യൂണിറ്റുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ ക്ലാസ്-1,2,3 എന്നിവയായി തരം തിരിച്ചിട്ടുണ്ട്. ഇതിൽ ക്ലാസ്-1-നും, ക്ലാസ്-2-നും കുറഞ്ഞത് 20 സെന്റ് സ്ഥലം ആവശ്യമാണ്. ക്ലാസ്-3ന് കുറഞ്ഞത് 10 സെന്റ് സ്ഥലം ആവശ്യമാണ്. താഴെപ്പറയുന്ന രീതിയിലായിരിക്കും ഓരോ യൂണിറ്റുകൾക്കും അംഗീകാരം നൽകുന്നത്.

ഘട്ടം—1

(1) മേൽപ്പറഞ്ഞിരിക്കുന്ന സ്ഥലം റോഡിന്റെ അരികിലായിരിക്കണം.

(2) കുറഞ്ഞത് എസ്. എസ്. എൽ. സി.-യോ, തത്തുല്ല്യമായ വിദ്യാഭ്യാസ യോഗ്യതയോ ഉണ്ടായിരിക്കണം.

ഘട്ടം—2

ജില്ലാതലത്തിലുള്ള യൂണിറ്റുകൾ തരംതിരിയ്ക്കൽ

വകുപ്പിനുകിട്ടിയിട്ടുള്ള അപേക്ഷകൾ ജില്ലാതലത്തിൽ തരംതിരിച്ച് കമ്പ്യൂട്ടർ ഡേറ്റാബേസ് ഉണ്ടാക്കും.

ഘട്ടം—3

അപേക്ഷയിൽ പ്രതിപാദിച്ചിട്ടുള്ള യൂണിറ്റുകളുടെ പ്രദേശങ്ങൾ ഉൾപ്പെടുത്തി ജില്ലാതലത്തിൽ ഭൂപടം തയ്യാറാക്കും.

ഘട്ടം—4

നല്ല പ്രദേശങ്ങളിൽ യൂണിറ്റുകൾ തെരഞ്ഞെടുക്കുക.

ഒരു യൂണിറ്റ് നിർമ്മിയ്ക്കാൻ ഒരു സ്ഥലത്ത് അനുവാദം നൽകിയാൽ പിന്നെ അടുത്ത 10 മുതൽ 20 കി. മി. ദൂരം കഴിഞ്ഞിട്ടേ അടുത്ത യൂണിറ്റിനുള്ള അനുവാദം നൽകുകയുള്ളൂ. അതായത് ഓരോ യൂണിറ്റും തമ്മിൽ കുറഞ്ഞത് 10 മുതൽ 20 കി. മീ. ദൂരം ഉണ്ടായിരിക്കും. ഈ ദൂരയളവിൽ ഒന്നിൽ കൂടുതൽ അപേക്ഷകൾ ഉണ്ടെങ്കിൽ, അപേക്ഷയിൽ പറഞ്ഞിട്ടുള്ള പ്രദേശത്തിന്റെ ടൂറിസം സാധ്യതകളും, പ്ലോട്ടിന്റെ കിടപ്പും കണക്കാക്കി അനുവാദം നൽകുന്നതാണ് താഴെ പ്പറയുന്ന സാധ്യതകൾ നോക്കിയായിരിക്കും നല്ല പ്രദേശങ്ങൾ തെരഞ്ഞെടുക്കുക.

- ബാധ്യതകൾ ഇല്ലാത്തതും/വാടകയ്ക്ക് അല്ലാത്തതുമായ സ്ഥലം
- സ്ഥലത്തിന്റെ അളവുകൾ
- നിരപ്പായ സ്ഥലം
- പെട്രോൾ പമ്പിന്റെ അടുത്തുള്ള സ്ഥലം
- യൂണിറ്റ് നിർമ്മിയ്ക്കാൻ ഉദ്ദേശിക്കുന്ന സ്ഥലവും അടുത്ത എയർപോർട്ടു മായിട്ടുള്ള അകലം
- റെയിൽവെ സ്റ്റേഷനും, യൂണിറ്റ് നിർമ്മിയ്ക്കാൻ ഉദ്ദേശിക്കുന്ന സ്ഥലവുമായുള്ള അകലം
- യൂണിറ്റ് നിർമ്മിയ്ക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വികസന സാധ്യത

ഘട്ടം—5

അന്തിമഘട്ട തെരഞ്ഞെടുപ്പ്

വീണ്ടും ഒരേ സ്ഥലത്ത് കൂടുതൽ അപേക്ഷകൾ നിലനിൽക്കുകയാണെങ്കിൽ താഴെപ്പറയുന്ന ഘടകങ്ങൾ പരിഗണിച്ച് വെയിറ്റേജ് നൽകി അന്തിമ തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(1) സംരംഭകന്റെ പ്രൊഫഷണൽ യോഗ്യത

(2) ആതിഥേയ വ്യവസായത്തിലുള്ള പരിചയം

(3) സംരംഭക പശ്ചാത്തലം

(4) മുതൽമുടക്ക് ശേഷി

(5) സംരംഭകന്റെ പ്രായം

സംരംഭകരെ തിരഞ്ഞെടുക്കുന്നതിനുള്ള വിശദമായ മുപദ്ധതി തയ്യാറാക്കുന്നതിന് ICICI Kinfra—യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ചുള്ള ഗവൺമെന്റ് ഉത്തരവോടെ മാത്രമെ സംരംഭകരെ തിരഞ്ഞെടുക്കുകയുള്ളു.

പ്ലാനിംഗ് ഓഫീസർ,

(ഡയറക്ടർക്കുവേണ്ടി).

അനുബന്ധം — II

[7-7-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 23(334) കാണുക]

ക്രമ നമ്പർ	പദ്ധതി	ഇപ്പോഴത്തെ സ്ഥിതി
1	ലോവർ മീൻമുട്ടി	പണികൾ നടന്നുവരുന്നു.
2	നേര്യമംഗലം എക്സ്റ്റൻഷൻ	പണികൾ നടന്നുവരുന്നു.
3	പള്ളിവാസൽ എക്സ്റ്റൻഷൻ	ടെണ്ടറുകൾ ക്ഷണിച്ചുകഴിഞ്ഞു.
4	കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ	പണികൾ പുരോഗമിച്ചുവരുന്നു.
5	പാത്രക്കടവ്	കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
6	മണിയാർ ടെയിൽ റേസ്	പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു.
7	പെരുന്തേനരുവി	വിശദമായ ഡിസൈനിന് ഫീൽഡ് ഡാറ്റ എടുത്തുവരുന്നു.
8	ചാത്തൻകോട്ടുനട-II	സർവ്വേ നടന്നുവരുന്നു
9	വിലങ്ങാട്	ഡിസൈനും സർവ്വേയും നടന്നുവരുന്നു.
10	പീച്ചി	ഡിസൈനും എസ്റ്റിമേറ്റും പൂർത്തിയായിക്കൊണ്ടിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly